# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ–*3** **02.03.2020–ലെ മറുപടിക്ക്**

## <u>പ്രവാസികളുടെ സംരക്ഷണം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.എം.മുകേഷ്<br>ശ്രീ.എ.പ്രദീപ്കുമാർ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.സജി ചെറിയാൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പ്രവാസിയായി പരിഗണിക്കാൻ വർഷത്തിൽ നൂറ്റി ഇരുപത് ദിവസത്തിലധികം രാജ്യത്ത് തങ്ങരുതെന്ന കേന്ദ്ര സർക്കാരിന്റെ പുതിയ നിബന്ധന രാജ്യത്തിന്റേയും സംസ്ഥാനത്തിന്റെയും സമ്പദ് വ്യവസ്ഥയിൽ ഗണ്യമായ സംഭാവന നൽകുന്ന പ്രവാസി സമ്പാദ്യത്തെയും നിക്ഷേപത്തെയും പ്രതികൂലമായി ബാധിക്കുന്നതിനാൽ പ്രസ്തുത നിബന്ധന പിൻവലിക്കാൻ ആവശ്യപ്പെട്ടിരുന്നതിനോട് കേന്ദ്രസർക്കാർ പ്രതികരിച്ചിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) നിലവിൽ പ്രവാസികളുടെ ഇന്ത്യയിലെ വരുമാനത്തിന് ആദായനികുതി നൽകി വരുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട രാജ്യങ്ങളിൽ ആദായ നികുതി നൽകേണ്ടതില്ലാത്ത ഗൾഫ് രാജ്യങ്ങളിലെ പ്രവാസികൾ അവിടെ നേടുന്ന വരുമാനത്തിന് ഇന്ത്യയിൽ നികുതി നൽകേണ്ടിവരുമെന്ന ആശങ്കയകറ്റാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടുമോയെന്ന് വെളിപ്പെടുത്താമോ ; | (ബി) ടി വിഷയം സംബന്ധിച്ച് കേരള നിയമസഭയുടെ പതിനെട്ടാം സമ്മേളനത്തിൽ ഐകകണ്ഠ്യേന പാസാക്കിയ പ്രമേയത്തിന്റെ വെളിച്ചത്തിൽ സംസ്ഥാന ചീഫ് സെക്രട്ടറി 10.02.2020–ൽ കേന്ദ്ര കാബിനറ്റ് സെക്രട്ടറിയ്ക്കും, നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി 24.02.2020–ൽ കേന്ദ്ര ധനകാര്യ സെക്രട്ടറിയ്ക്കും കത്തയച്ചിട്ടുണ്ട്. |

(സി) പ്രവാസികളുടെ വിഭവശേഷിയും വൈഭവവും നാടിന്റെ പുരോഗതിക്കായി വിനിയോഗിക്കുന്നതിനും അവരുടെ സംരക്ഷണത്തിനും സംസ്ഥാന സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

(സി) പ്രവാസികളുടെ വിഭവശേഷിയും വൈഭവവും നാടിന്റെ പുരോഗതിക്കായി ഉപയോഗപ്പെടുത്തുന്നതിൽ സംസ്ഥാന സർക്കാർ അതിയായ ജാഗ്രത പുലർത്തി നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ലോക കേരള സഭ. ലോകമെമ്പാടുമുള്ള പ്രവാസി മലയാളികൾക്ക് അവരുടെ പ്രശ്നങ്ങളും നൂതനാശയങ്ങളും അവതരിപ്പിക്കാനും ചർച്ച ചെയ്യാനും അതിന്റെ അടിസ്ഥാനത്തിലുള്ള കർമ്മപരിപാടികൾ ആവിഷ്കരിക്കാനും ഉള്ള ഒരു അസുലഭവേദിയാണ് ഇത്. പ്രഗത്ഭരും പ്രതിഭകളും പങ്കെടുക്കുന്ന ഇത്തരം മഹാവേദികളിൽ ഉരുത്തിരിയുന്ന അമൂല്യ ആശയങ്ങളുടെ ആവിഷ്കാരം ചെറുതല്ലാത്ത സംഭാവനയാണ് കേരള സമൂഹത്തിൽ സൃഷ്ടിക്കാൻ പോകുന്നത്.

കേരളത്തിന്റെ പുരോഗതിക്ക് ആക്കം കൂട്ടുന്നതും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ മേഖലകളിൽ പ്രവാസി മലയാളികളുടെ നിക്ഷേപങ്ങൾ സ്വീകരിക്കാൻ ബഹു.മുഖ്യമന്ത്രി ചെയർമാനായി ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിംഗ് എന്ന നിക്ഷേപ കമ്പനി രൂപീകരിക്കുകയും നോർക്ക-റൂട്ട്സിന്റെ കീഴിൽ ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

കേരളീയരായ പ്രവാസികളുടെ സംരക്ഷണാർത്ഥം അവരുടെ നിയമ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ മലയാളികളായ അഭിഭാഷകരുടെ സൗജന്യ സേവനം നൽകുന്ന പ്രവാസി നിയമ സഹായ സെൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

മാത്രമല്ല, വിദേശത്തെ പ്രവാസി മലയാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിന് ഏകീകൃത തിരിച്ചറിയൽ രേഖയായി പ്രവാസി തിരിച്ചറിയൽ കാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്.

പ്രവാസി കേരളീയരുടെ നിക്ഷേപം നമ്മുടെ സംസ്ഥാനത്തിന്റെ പുരോഗതിക്കായി ഉപയോഗപ്പെടുത്തു ന്നതോടൊപ്പം അവരുടെയും ജീവിത പങ്കാളികളുടെയും ജീവിതം സുരക്ഷിതമാക്കുന്നതിനുവേണ്ടി നടപ്പിലാക്കിയ നൂതന പദ്ധതിയാണ് 2019-ലെ പ്രവാസി ഡിവിഡന്റ് പദ്ധതി.

സെക്ഷൻ ഓഫീസർ